സംസ്ക്കരണ യൂണിറ്റ് എന്നിവയാണ് എൻ. സി. ഡി. സി. യുടെ ധനസഹായത്തോടെ കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ. ഇവ കൂടാതെ എൻ.സി.ഡി.സി. ധനസഹായം ലഭിച്ച് ചുവടെ ചേർക്കുന്ന വ്യവസായ സംരംഭങ്ങൾ രണ്ടായിരമാണ്ടിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

1. മലനാട് തേയില ഫാക്ടറി - മലനാട് സർവ്വീസ് സഹകരണ ബാങ്ക്
2. ഗീം കേക്ക് ഫാക്ടറി - പീരുമേട് മാർക്കറ്റിംഗ് സഹകരണസംഘം
3. റബ്ബർ ആന്റ്, ബലൂൺ നിർമ്മാണ ഫാക്ടറി } കോഴഞ്ചേരി താലൂക്ക് റബ്ബർ
4. ക്രീംഡ് ലാറ്റക്സ് യൂണിറ്റ് } മാർക്കറ്റിംഗ് സഹകരണസംഘം.

(സി) ഉണ്ട്.

(ഡി) കേരള പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, കൺസ്യൂമർ ഫെഡറേഷൻ, മൈലപ്ര സർവ്വീസ് ബാങ്ക്, പഴവങ്ങാടിക്കര സർവ്വീസ് ബാങ്ക്, റബ്കോ, റെയ്ഡ്കോ എന്നീ സ്ഥാപനങ്ങളുടെ 127.00 കോടി രൂപയുടെ പദ്ധതികൾ എൻ. സി. ഡി. സി. യ്ക്ക് അയച്ചിട്ടുണ്ട്.

വളമംഗലം സർവ്വീസ് സഹകരണ ബാങ്ക് നടത്തുന്ന ഹൈസ്കൂൾ

137 (1804) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തലയ്ക്ക് സമീപമുള്ള വളമംഗലം സർവ്വീസ് സഹകരണബാങ്ക് ഒരു ഹൈസ്ക്കൂൾ നടത്തുന്നുണ്ടോ ;

(ബി) ഈ ഹൈസ്ക്കൂളിന്റെ പേരിൽ പ്രസ്തുത ബാങ്കിൽ എന്തു തുക നിക്ഷേപിച്ചിരുന്നു ;

(സി) ഈ തുക പിൻവലിക്കുകയുണ്ടായോ ;

(ഡി) എങ്കിൽ എന്താവശ്യത്തിന് വേണ്ടിയാണ് ഈ തുക പിൻവലിച്ചത് ;

(ഇ) പിൻവലിച്ച തുക എന്താവശ്യത്തിന് വേണ്ടിയാണ് വിനിയോഗിച്ചത് ;

(എഫ്) ഈ തുക പിൻവലിച്ചപ്പോൾ ബാങ്കിലെ നിക്ഷേപതുക എത്രയായി ചുരുങ്ങി ;

(ജി) ഈ നിക്ഷേപം പിൻവലിച്ചതുമൂലം ബാങ്ക് നടത്തുന്ന സ്കൂളിലെയും ബാങ്കിലേയും ജീവനക്കാർക്ക് ശമ്പളം നൽകാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സ്ക്കൂളിന്റെ പേരിൽ നിക്ഷേപമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(ജി) ബാധകമല്ല.

സഹകരണ അക്കാഡമിയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ

138 (1805) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ അക്കാഡമിയുടെ എത്ര സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അവയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ;

(സി) അക്കാഡമി പുതിയതായി എത്ര സ്ഥാപനങ്ങൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) അവ എവിടെയെല്ലാമെന്ന് അറിയിക്കാമോ ;

(ഇ) ഇതിന്റെ നടപടികൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ;

(എഫ്) സഹകരണ അക്കാഡമിയുടെ ഭരണ സമിതിയിൽ എത്ര അംഗങ്ങൾ ഉണ്ടെന്നും അവർ ആരൊക്കെ ആണെന്നും വെളിപ്പെടുത്തുമോ ;

(ജി) ഇതിൽ വിദ്യാഭ്യാസ രംഗത്തു നിന്നും ആരൊക്കെ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സഹകരണ അക്കാഡമിയുടെ കീഴിൽ ഇപ്പോൾ വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിച്ചുവരുന്നു.

(സി&ഡി) വിവിധ ജില്ലകളിലായി ഒൻപത് എഞ്ചിനീയറിംഗ് കോളേജുകളും ഒരു മെഡിക്കൽ കോളേജും ഒരു കമ്മ്യൂണിറ്റി കോളേജും ആരംഭിക്കുവാനുദ്ദേശിച്ചിട്ടുണ്ട്.

(ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.) *

(ഇ) എഞ്ചിനീയറിംഗ് കോളേജുകളും കമ്മ്യൂണിറ്റി കോളേജും ആരംഭിക്കുവാനുള്ള അനുമതിക്കായി സംസ്ഥാന സർക്കാരിന്റെ നോൺ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റോടുകൂടി ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന് (എ ഐ സി റ്റി ഇ) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly